# വിദൂര വിദ്യാഭ്യാസവിഭാഗം

## പ്രോജക്ട് ഗൈഡ് ലൈൻ 2018

(BBA & BMMC പാഠ്യപദ്ധതികൾ ഒഴികെയുള്ള ആറാം സെമസ്റ്റർ ബിരുദ പ്രോജക്ട്)

ഏതെങ്കിലും ഒരു പ്രശ്നത്തെ പരിഹാരത്തിലെത്തിക്കുന്ന പ്രവൃത്തിയാണ് പ്രൊജക്ട് രീതിയിലുള്ള ഗവേഷണത്തിൽ നടക്കുന്നത്. പ്രശ്നം കണ്ടെത്തൽ, അത് പരിഹരിക്കുന്നതിനാ വശ്യമായ വിവരങ്ങൾ ശേഖരിക്കൽ, ശേഖരിച്ച വിവരങ്ങൾ വർഗ്ഗീകരിക്കൽ, അതിന്റെ അടിസ്ഥാനത്തിൽ അവയെ അപഗ്രഥിക്കൽ, ഒടുവിൽ നിഗമനത്തിലെത്തിച്ചേരൽ. ഇത്രയും ഘട്ടങ്ങളാണ് ഒരു ഗവേഷണത്മക പ്രൊജക്ടിൽ ഉണ്ടായിരിക്കേണ്ടത്.

ഗവേഷണത്തിനായി തെരഞ്ഞെടുക്കേണ്ട മേഖല, അതിലെ പരിഹരിക്കപ്പെടാത്ത ഏതെങ്കിലുമൊരു പ്രശ്നം, ആ പ്രശ്നത്തെ പ്രസ്താവനാ രൂപത്തിലാക്കൽ എന്നിവയെല്ലാം ഓരോ വിഷയത്തിനും വ്യത്യസ്തമായിരിക്കും. അതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അതത് വിഷയത്തിന്റെ ലിങ്ക് പരിശോധിക്കുക

പ്രശ്നം കണ്ടെത്തിക്കഴിഞ്ഞാൽ, നാളിതുവരെ ആ മേഖലയിൽ നടന്ന പഠനങ്ങളെന്തൊക്കെ എന്ന് കണ്ടെത്തി, അവയെ അവലോകനം ചെയ്യണം. ആ പഠനങ്ങളുടെ പോരായ്മ ചൂണ്ടിക്കാട്ടി നിങ്ങളുടെ പഠനം എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് സൂചിപ്പിക്കണം. അതാണ് പഠനത്തിന്റെ പ്രസക്തി. പഠനത്തിന്റെ ലക്ഷ്യമെന്താണെന്നും പ്രബന്ധത്തിന്റെ ഘടന എന്തായിരിക്കണമെന്നും തീരുമാ നിക്കണം.

ഗവേഷണ പ്രശ്നത്തിന്റെ വ്യാഖ്യാനം, പൂർവ്വ പഠനങ്ങളുടെ അവലോകനം , നിർവ്വഹിക്കുന്ന പഠനത്തിന്റെ പ്രസക്തി , പ്രബന്ധ സ്വരൂപം എന്നിവയെല്ലാം സംക്ഷിപ്തമായി വിവരിക്കുന്ന ഒരാമുഖം പ്രബന്ധത്തിന്റെ പൂർവ്വ ഭാഗത്ത് നൽകേണ്ടതാണ്. ഏറ്റവും ചുരുങ്ങിയത് മൂന്ന് അധ്യായങ്ങളെങ്കിലും ഉൾപ്പെട്ടതായിരിക്കണം പ്രബന്ധം. പ്രബന്ധത്തിനൊടുവിൽ ആവശ്യമായ അനുബന്ധങ്ങൾ, ചാർട്ടുകൾ, ചിത്രങ്ങൾ, എന്നിവ നൽകണം. (ആവശ്യമെങ്കിൽ മാത്രം).

ഏറ്റവുമൊടുവിൽ ഏറ്റവും പുതിയ MLA ഹാന്റ് ബുക്കിന്റെ പതിപ്പിൽ നിർദ്ദേശിച്ച മാതൃകയിൽ ഗ്രന്ഥസൂചി തയ്യാറാക്കി ഉൾപ്പെടുത്തണം .

പ്രബന്ധത്തിന്റെ ആമുഖ അധ്യായത്തിന് മുമ്പ് ആവശ്യമായ സാക്ഷ്യപത്രങ്ങൾ , ഉള്ളടക്ക വിവരണം എന്നിവ നൽകിയിരിക്കണം. പ്രശ്നം തെരഞ്ഞെടുക്കാനുള്ള ശേഷി, ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിൽ പുലർത്തിയ ജാഗ്രത, വർഗ്ഗീകരണം, അപഗ്രഥനം എന്നിവ നിർവ്വഹിച്ചതിലുള്ള സൂക്ഷ്മത , വസ്തുതകൾ ക്രോഡീകരിക്കാനുള്ള കഴിവ് എന്നിവയുടെയെല്ലാം അടിസ്ഥാനത്തിലായിരിക്കും ഗവേഷണാത്മക പ്രൊജക്ട് വിലയിരുത്തുക.

കാലിക്കറ്റ് സർവ്വകലാശാലയിലെ വിദൂര വിദ്യാഭ്യാസ വിഭാഗം യു.ജി വിദ്യാർത്ഥികൾക്ക് പ്രോജക്ട് റിപ്പോർട്ടിൽ പൊതുവിൽ സ്വീകരിക്കാവുന്ന കാര്യങ്ങളെയാണ് താഴെ സൂചിപ്പിക്കുന്നത്. എന്നാൽ ഓരോ പാഠ്യപദ്ധതികളിലും (ഉദാ: ബികോം, ബിഎ മലയാളം, ഹിന്ദി തുടങ്ങിയവ) വിശേഷമായി പാലിക്കേണ്ട ചട്ടങ്ങളെ പറ്റി അതാത് പാഠ്യപദ്ധതിയുടെ ലിങ്കിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ഓരോ വിദ്യാർത്ഥിയും സ്വന്തമായി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. കൂട്ടം ചേർന്ന് (Group) തയ്യാറാക്കിയ പ്രോജക്ടുകൾ സമർപ്പിക്കാൻ പാടുള്ളതല്ല. പ്രോജക്ടുകൾ സമർപ്പിക്കാനുള്ള സെന്ററുകളെ സംബന്ധിച്ച് സർവ്വകലാശാല പത്രക്കുറിപ്പിലൂടെ അറിയിക്കുന്നതാണ്.

2. പ്രോജക്ടുകൾ തയ്യാറാക്കുന്നതിനായി ഓരോ പാഠ്യപദ്ധതിയിലേയും (ഉദാ: ബികോം, ബിഎ മലയാളം, ബിഎ ഹിന്ദി മുതലായവ) കോർ കോഴ്സിൽ നിന്നും അല്ലെങ്കിൽ ഇലക്ടീവ് കോഴ്സിൽ നിന്നും വിഷയങ്ങൾ തെരഞ്ഞെടുക്കാവുന്നതാണ്.

3. കാലിക്കറ്റ് സർവ്വകലാശാലയിൽ യു.ജി പാഠ്യപദ്ധതികളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമങ്ങളും ചട്ടങ്ങളും വിദൂര വിദ്യാഭ്യാസ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും ബാധകമായിരിക്കും.
4. ഏകീകൃത ഒന്നാം പേജ് ഉണ്ടായിരിക്കേണ്ടതാണ്. മാതൃക ലിങ്കിൽ ലഭ്യമാണ്.

5. പ്രോജക്ട് റിപ്പോർട്ട് 25 പേജിൽ കുറയാൻ പാടുള്ളതല്ല.

6. പ്രോജക്ട് റിപ്പോർട്ട് കയ്യെഴുത്ത് രീതിയിലും ഡി.ടി.പി.പ്രിന്റ് രീതിയിലും സമർപ്പിക്കാവുന്നതാണ്.

7. കയ്യെഴുത്ത് പ്രോജക്ട് റിപ്പോർട്ടാണ് സമർപ്പിക്കുന്നതെങ്കിൽ താഴെ കൊടുത്തിരിക്കുന്ന ചട്ടങ്ങൾ പാലിക്കേണ്ടതാണ്.
    a. വെള്ള നിറത്തിലുള്ള A4 പേജ് ഉപയോഗിക്കുക.
    b. ഇരുപുറത്തിലും എഴുതാവുന്നതാണ്.
    c. വ്യക്തതയോടും വായിക്കാൻ സാധിക്കുന്ന വിധത്തിലും എഴുതുക.
    d. എഴുതുന്നതിനായി നീല അല്ലെങ്കിൽ കറുപ്പ് നിറത്തിലുള്ള ബോൾ പോയിന്റ് പേന മാത്രം ഉപയോഗിക്കുക.
    e. ഓരോ പേജിന്റെയും താഴെ നടുവിൽ പേജ് നമ്പർ സൂചിപ്പിക്കുക.
    f. പ്രോജക്ട് റിപ്പോർട്ട് സ്പൈറൽ ബൈൻഡ് ചെയ്ത് സമർപ്പിക്കുക.

8. ഡി.ടി.പി പ്രിന്റ് രീതിയിലാണ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതെങ്കിൽ താഴെ കൊടുത്തിരിക്കുന്ന ചട്ടങ്ങൾ പാലിക്കുക
    a. വെള്ള നിറത്തിലുള്ള A4 പേജ് ഉപയോഗിക്കുക.
    b. ഇരുപുറത്തിലും പ്രിന്റ് ചെയ്യാവുന്നതാണ്.
    c. ബ്ലാക്ക് ആന്റ് വൈറ്റിൽ പ്രിന്റ് ചെയ്യുക.
    d. ടൈംസ് ന്യൂ റോമൻ ഫോണ്ട് 12 സൈസ് വലുപ്പത്തിൽ ഉപയോഗിക്കുക.